# സമൂഹവും പരിസ്ഥിതിയും ഇന്ത്യൻ ദലിത് ജീവിതത്തിൽ

## തിരഞ്ഞെടുത്ത ആത്മകഥാഖ്യാനങ്ങളെ ആസ്പദമാക്കി ഒരു പഠനം.

**ഡോ. അലക്സ്. എൽ**

## <u>സംഗ്രഹം</u>

ഇന്ത്യൻ സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിന്ന് നൂറ്റാണ്ടുകളായി അകറ്റിനിർത്തപ്പെട്ട, ജാതിശ്രേണിയുടെ ഏറ്റവും അടിത്തട്ടിലുള്ള ഒരു ജനവിഭാഗമാണ് ദലിതർ. എല്ലാത്തരം അധികാര വ്യവസ്ഥകളിൽ നിന്നും നിരന്തരം ചൂഷണം അനുഭവിക്കേണ്ടി വന്ന ഈ വിഭാഗത്തിന് മനുഷ്യൻ എന്ന നിലയിലുള്ള സാമാന്യമായ അവകാശങ്ങൾ പോലും വളരെക്കാലം നിഷേധിക്കപ്പെട്ടിരുന്നു. നവോത്ഥാനകാലത്ത് ഇന്ത്യയിലെ ദലിതരുടെ അവകാശങ്ങൾക്കുവേണ്ടി അനേകം സമരങ്ങൾ നടന്നു. ഈ അവകാശ സമരങ്ങളുടെ ഭാഗമായിട്ടാണ് ഇന്ത്യയിൽ ദലിത് സാഹിത്യം രൂപം കൊള്ളുന്നതും.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ബാബാസാഹേബ് അംബേദ്ക്കറിന്റെ ചിന്തകളുടെ അടിസ്ഥാനത്തിൽ ദലിത് വിമോചനം ലക്ഷ്യമാക്കി രൂപപ്പെടുത്തിയെടുത്ത ആശയങ്ങളാണ് ദലിത് വാദത്തിന്റെ ആധാരശില. അംബേദ്കർ ചിന്തകളുടെ തുടർച്ചയും വികാസവും എന്ന രീതിയിൽ എഴുതപ്പെട്ട മറ്റു ചില ഗ്രന്ഥങ്ങളും ഇന്ത്യൻ ദലിത് വാദത്തെ അടിസ്ഥാനമാക്കിയുള്ള ചിന്തകളെയും പഠനങ്ങളെയും പരിപോഷിപ്പിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ കാഞ്ചഐലയ്യയുടെ 'എന്തുകൊണ്ട് ഞാനൊരുഹിന്ദുവല്ല', 'എരുമദേശീയത', 'ദൈവമെന്ന രാഷ്ട്രമീമാംസകൻ' തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടവയാണ്.

അംബേദ്കർ ചിന്തകളുടെ അടിസ്ഥാനത്തിൽ ദലിത് വിമോചനം ലക്ഷ്യമാക്കി നടത്തുന്ന സാംസ്കാരിക പ്രവർത്തനമാണ് ഒരർത്ഥത്തിൽ ദലിത് സാഹിത്യം. സാഹിത്യത്തെ സാമൂഹിക പരിവർത്തനത്തിനും ദലിത് വിമോചന പോരാട്ടത്തിനുമുള്ള ഉപാധിയായിക്കാണുന്ന ദലിത് എഴുത്തുകാർ തങ്ങളുടെ കൃതികളിലൂടെ ദലിത് ജനതയുടെ യാതനാപൂർണ്ണമായ സാമൂഹ്യജീവിതത്തെ ശക്തമായ ഭാഷയിൽ ആവിഷ്ക്കരിക്കുകയും  അവരുടെ പ്രതിരോധ പ്രവർത്തനങ്ങളെ കൃത്യമായി അടയാളപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ വ്യത്യസ്ത ഇന്ത്യൻ ഭാഷകളിലെഴുതപ്പെട്ട ദലിത് സാഹിത്യകൃതികളരോന്നും അതാതു സമൂഹത്തിലെ പ്രാന്തവത്ക്കരിക്കപ്പെട്ട ദലിത് ജനതയുടെ അടിച്ചമർത്തപ്പെട്ട ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാണ്. അതിനാൽ ഇന്ത്യയിലെ ദലിത് ജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിന് ഏറ്റവും നല്ല പഠനോപാധിയായി ദലിത്സാഹിത്യത്തെ സ്വീകരിക്കാവുന്നതാണ്.

നവോത്ഥാനകാലത്ത് ഇന്ത്യയിലെ ദലിതരുടെ അവകാശങ്ങൾക്കുവേണ്ടി അനേകം സമരങ്ങൾ നടന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അംബേദ്ക്കറിന്റെ ചിന്തകളുടെ അടിസ്ഥാനത്തിൽ ദലിത് വിമോചനം ലക്ഷ്യമാക്കി ഒരു ആശയമണ്ഡലം രൂപപ്പെട്ടു. ദലിത് വാദം എന്നറിയപ്പെടുന്ന ഈ ആശയങ്ങളാണ് ദലിത് സാഹിത്യത്തിനടിസ്ഥാനം. അംബേദ്ക്കർ ചിന്തകളുടെ അടിസ്ഥാനത്തിൽ ദലിത് വിമോചനം ലക്ഷ്യമാക്കി നടത്തുന്ന സാസ്കാരിക പ്രവർത്തനം എന്ന് ദലിത് സാഹിത്യത്തെ വിശേഷിപ്പിക്കാം. വ്യത്യസ്ത ഇന്ത്യൻ ഭാഷകളിലെഴുതപ്പെട്ട ദലിത് സാഹിത്യകൃതികളോരോന്നും അതാതു സമൂഹത്തിലെ പ്രാന്തവത്ക്കരിക്കപ്പെട്ട ദലിത് ജനതയുടെ അടിച്ചമർത്തപ്പെട്ട ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാണ്. തങ്ങളുടെ ആത്മാഭിമാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാതയിൽ പ്രതിരോധമുയർത്തുന്ന ഹൈന്ദവ മനോഭാവത്തിനും പ്രത്യയശാസ്ത്രധാരണക്കും എതിരെയുള്ള കലാപമാണ് ദലിത് സാഹിത്യം. ഇന്ന് മാറിവരുന്ന ഉത്തരാധുനിക സാഹചര്യത്തിൽ ദലിത് സാഹിത്യം

ഇന്ത്യൻ സാഹിത്യത്തിന്റെ മുൻ നിരയിൽ തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. സ്വത്വരാഷ്ട്രീയവുമായി(identity Politics) ബന്ധപ്പെട്ട് ദലിത് സാഹിത്യം ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്നുമുണ്ട്.

നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ദലിത് ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥ വരേണ്യസൗന്ദര്യശാസ്ത്രത്തിനും അധീശ വർഗ്ഗത്തിന്റെ കലാസാഹിത്യത്തിനും അന്യമായിരുന്നു. നാളിതുവരെയുള്ള സാഹിത്യം ദലിത് ജനതയെ സവർണ്ണ പ്രത്യയശാസ്ത്രങ്ങൾക്കകത്താണ് അടയാളപ്പെടുത്തിയിരുന്നത്. അതുകൊണ്ടുതന്നെ ജാതീയതയിലും സവർണ്ണാധികാരത്തിലും അധിഷ്ഠിതമായ പരമ്പരാഗത സാമൂഹ്യവ്യവസ്ഥയുടെയും വരേണ്യസൗന്ദര്യാവബോധത്തിന്റെയും അടിത്തറ പിളർക്കാൻ പോന്ന പോരാട്ടവീര്യം ദലിത് സാഹിത്യത്തിനനുണ്ടായിരിക്കണം. ദലിത് സാഹിത്യം ദലിത് ജനതയുടെ സാമൂഹികവും സാസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റത്തിനുവേണ്ടിയും ഒപ്പം മാനവരാശിയുടെ വിമോചനത്തിനുവേണ്ടിയും നിലകൊള്ളുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മഹാരാഷ്ട്രയിലാണ് ദലിത് സാഹിത്യം രൂപം കൊള്ളുന്നതും വികസിക്കുന്നതും. മറാഠിഭാഷയിൽ നിന്നാണ് മറ്റുഭാഷകളിലേക്ക് വ്യാപിക്കുന്നത്. ഹിന്ദി, തമിഴ്, മലയാളം, ബംഗാളി, കന്നട,ഗുജറാത്തി തുടങ്ങിയ ഭാഷകളിലെല്ലാം തന്നെ ദലിത് സാഹിത്യത്തിന് ശക്തമായ ആവിഷ്കാരങ്ങളുണ്ടായി. ഇന്ന് ഏതാണ്ടെല്ലാ പ്രാദേശിക ഭാഷകളിലും ദലിത് സാഹിത്യം സമ്പന്നമായ ഒരു സാഹിത്യശാഖയാണ്.

ഏതൊരു സാഹിത്യവിഭാഗത്തെക്കാളും ദലിതരുടെ ആവിഷ്കാരങ്ങൾ സജീവ സാന്നിദ്ധ്യമായിരിക്കുന്നത് ആത്മകഥാഖ്യാനങ്ങളിലാണ്. തീവ്രമായും സംവേദനപരമായും സവർണ്ണ സാഹിത്യമൂല്യങ്ങൾക്ക് കടുത്ത പ്രഹരമേല്പി

ക്കുന്ന നിരവധി ആത്മകഥാഖ്യാനങ്ങൾ ഇന്ത്യയിലെ ഏതാണ്ടെല്ലാ  പ്രാദേശികഭാഷകളിലും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയാന്വേഷണങ്ങൾക്കും സ്വത്വപരമായ തിരിച്ചറിവുകൾക്കും പ്രേരണ നൽകുന്ന ഇത്തരം ആത്മകഥകളെ അതാതു ദേശങ്ങളുമായി ബന്ധപ്പെട്ട സാമൂഹികാഖ്യാനങ്ങളായും ആധുനികസമൂഹം നേരിടുന്ന സ്വത്വപ്രതിസന്ധികൾ ആവിഷ്കരിക്കാനുള്ള മാർഗ്ഗമായും പരിഗണിക്കാവുന്നതാണ്.

നോവലിനെപ്പോലെ യൂറോപ്യൻ ആധുനികതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സാഹിത്യ രൂപമാണ് ആത്മകഥയും. ഇന്ത്യയിൽ ഒരു പുതിയ സാഹിത്യ രൂപമായി ആത്മകഥ വളരുന്നത് ഇരുപതാംനൂറ്റാണ്ടിലാണ്. ഇന്ത്യൻഭാഷകളിൽ ആത്മകഥാഖ്യാനത്തിന്റെ പുതിയ രൂപം വികസിച്ചതും ആധുനികതയുടെ പശ്ചാത്തലത്തിലാണ്. സ്വത്വാവിഷ്കാരത്തിനുള്ള ഏറ്റവും നല്ല ഉപാധി എന്ന നിലയിൽ ആത്മകഥാഖ്യാനത്തിന്റെ ഈ പുതിയ രൂപം ഇന്ത്യയിലെ ദലിത് എഴുത്തുകാർക്ക് ഏറ്റവും പ്രീയപ്പെട്ടതായി മാറി. അതിനാൽ ഇതര സാഹിത്യവിഭാഗങ്ങളെക്കാൾ ദലിതരുടെ ആവിഷ്കാരങ്ങൾ സജീവ സാന്നിദ്ധ്യമായിരിക്കുന്നത് ആത്മകഥകളിലാണ്

വ്യത്യസ്തഭാഷകളിൽ നിന്നായി തിരഞ്ഞെടുത്ത നാല് ആത്മകഥാഖ്യാനങ്ങളെ അടിസ്ഥാമാക്കി ഇന്ത്യയിലെ ദലിത് ജീവിതത്തിന്റെ സാമൂഹികാവസ്ഥകളും കീഴാള ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന പാരിസ്ഥിതികാവബോധവും പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ. അതിനായി ഹിന്ദിയിൽ നിന്ന് ഓംപ്രകാശ് വാല്മീകിയുടെ ‘ജൂഠൻ’(എച്ചിൽ) മറാഠിയിൽ നിന്ന് ശരൺകുമാർ ലിംബാളെയുടെ ‘അക്കർമാശി’ തമിഴിൽ നിന്ന് പാസ്റ്റിനാമേരി എന്ന പാമയുടെ ‘കരുക്ക’(പനമുള്ള്) മലയാളത്തിൽ നിന്ന് കല്ലേൻ പൊക്കുടന്റെ ‘കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം ’എന്നീ നാല് ആത്മകഥാഖ്യാനങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

ഒരു ദലിത് ബാലന്റെ, എഴുത്തുകാരനായിത്തീരുക എന്ന മോഹത്തിന്റെയും ആ മോഹസാക്ഷാൽക്കാരത്തിലേയ്ക്കുള്ള യാത്രയിൽ നേരിടേണ്ടിവരുന്ന പീഢാനുഭവങ്ങളുടെയും ആഖ്യാനമാണ് ഓം പ്രകാശ് വാൽമീകിയുടെ 'ജൂഠൻ' (എച്ചിൽ) എന്ന ആത്മകഥ. ചുഹ്ര എന്ന ജാതിജീവിതത്തിന്റെ ആന്തരികയാഥാർത്ഥ്യങ്ങൾ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന ഈ കൃതി വാൽമീകി ഉൾപ്പെടുന്ന സമൂഹത്തിന്റെ ഒരു ചരിത്രരേഖകൂടിയാണ്.

വളരെയേറെ വിവാദങ്ങൾക്ക് വഴിതെളിച്ച ആത്മകഥയാണ് ശരൺകുമാർ ലിംബാളെയുടെ 'അക്കർമാശി'. നൂറ്റാണ്ടുകളായി കീഴാള സമൂഹം അനുഭവിച്ചുവന്ന ഹീനവും നിന്ദ്യവുമായ അടിച്ചമർത്തലുകൾക്ക് ഇരകളാക്കപ്പെട്ട മഹർസമുദായത്തിന്റെ നൊമ്പരങ്ങളും കർണ്ണാടക- മഹാരാഷ്ട്ര അതിർത്തിയിലെ ദലിത സ്ത്രീകളുടെ കരളുരുക്കുന്ന കദനകഥകളുമാണ് ഈ കൃതിയിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഈ ആത്മകഥ ലിംബാളെയുടേത് എന്ന പോലെ തന്നെ അദ്ദേഹം ഉൾക്കൊള്ളുന്ന സമുദായത്തിന്റേതുകൂടിയാണ.

സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ ഭീകര ചിത്രം അനാവരണം ചെയ്യുന്ന കൃതിയാണ് തമിഴ് എഴുത്തുകാരി പാമയുടെ കരുക്ക് (പനമുള്ള്) എന്ന ആത്മകഥയും. ജാതിയും മതവും പണവും മാനദണ്ഡമായിരിക്കുന്ന സമൂഹത്തിൽ ജാതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദലിത് സമൂഹത്തിന്റെ കഥപറയുന്നു ദലിത് ഫെമിനിസ്റ്റ് സാഹിത്യകാരിയായ അവർ. ഹിന്ദുസമുദായത്തിലെ ഉയർന്ന ജാതിക്കാരിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന അടിമത്തം മാത്രമല്ല, കത്തോലിക്കാസമുദായത്തിനുള്ളിൽ ദലിത് ക്രിസ്ത്യാനികൾ അനുഭവിക്കുന്ന ജാതീയ അസമത്വത്തിന്റെയും അടിച്ചമർത്തലിന്റെയും വ്യക്തമായൊരു ചിത്രം കൂടി പാമ നൽകുന്നുണ്ട്.

പുഴയോരങ്ങളിലും ചതുപ്പുകളിലും ആർക്കും വേണ്ടാതെ വളർന്നു പടർന്നുകിടന്ന കണ്ടൽച്ചെടികൾക്കിടയിൽ നിന്ന് മഹത്തായൊരു പരിസ്ഥിതി ദർശനം ലോകത്തിനു പകർന്നു കൊടുത്ത വ്യക്തിയാണ് കല്ലേൻ പൊക്കു ടൻ. പ്രകൃതിയുടെ ഭാഗമായി നിന്ന് പാരിസ്ഥിതിക ദുരന്തങ്ങളെ തടയുന്ന കണ്ടൽക്കാടുകളുടെ മഹത്വം വരും തലമുറയെക്കൂടി ബോധ്യപ്പെടുത്തുന്നതി നുവേണ്ടി അദ്ദേഹം എഴുതിയ ആത്മകഥയാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന കൃതി. അതിനാൽ ഈ ആത്മകഥ പൊക്കുടൻ ഉൾപ്പെ ടുന്ന പറയസമുദായം അനുഭവിച്ച അടിച്ചമർത്തലുകളുടെ ചരിത്രം എന്നതു പോലെ തന്നെ പരിസ്ഥിതി സംരക്ഷണത്തിന്റെ ചരിത്രം കൂടിയാണ്.

ഇന്ത്യൻ ജ്ഞാനശാസ്ത്രത്തിലെ സവർണ്ണാധിപത്യത്തിന് എതിരെയുള്ള പ്രതിഷേധമാണ് ഓരോ ദലിത് ആത്മകഥയും. ചരിത്രത്തിൽ നിരന്തരം അപ മാനവീകരിക്കപ്പെടുന്നവരുടെ സ്വത്വബോധത്തിലൂടെ രൂപപ്പെടുന്ന കർത്തൃത്വ ങ്ങളാണ് ഈ ആത്മകഥാഖ്യാനങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. സ്വാതന്ത്ര്യാ നന്തര ഇന്ത്യയിലെ പ്രാന്തവത്കരിക്കപ്പെട്ട ഒരു ജനസമൂഹമായ ദലിതുകളുടെ സാമൂഹികാവസ്ഥകളുടെയും അവരുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ പാരിസ്ഥിതികാവബോധത്തിന്റെയും ചരിത്രരേഖകളാണ് ഈ ദലിത് ആത്മക ഥകൾ